**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം — കരുനാഗപ്പള്ളി നഗരസഭയിലെ സീനിയർ ക്ളർക്കായ ശ്രീ. റ്റി. പവിത്രന്റെ മുൻകാല സർവ്വീസ് പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 501/**2017/തസ്വഭവ** തീയതി, തിരുവനന്തപുരം, 21/02/2017

---

പരാമർശം :

1. 13/04/1987 ലെജി.ഒ.(എം.എസ്) നം.162/87/ തസ്വഭവ
2. 07/06/89 ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ
3. 12/9/06 ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 28.10.2016 തീയതിയിലെ ഇ 3- 11754/2016 നം. കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കരുനാഗപ്പള്ളി നഗരസഭയിലെ സീനിയർ ക്ളർക്കായ ശ്രീ. റ്റി. പവിത്രൻ, 28.06.2005 ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് വിദ്യാഭ്യാസ വകുപ്പിൽ ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ച 12.07.1999 മുതൽ 27.06.2005 വരെയുള്ള കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് ലഭിക്കുന്നതിന്

അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

3. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും 11/09/2006 നും മദ്ധ്യേ ആയതിനാലും ശ്രീ. റ്റി. പവിത്രൻ 28.06.2005 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾ വിദ്യാഭ്യാസ വകുപ്പിൽ ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ച 12.07.1999 മുതൽ 27.06.2005 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ് പരിരക്ഷിച്ച് ഉത്തരവാകുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ശ്രീ. റ്റി. പവിത്രന്റെ സേവനപുസ്തകവും ഉൾപ്പെടെ)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ.

ശ്രീ.റ്റി. പവിത്രൻ , സീനിയർ ക്ലാർക്ക്, കരുനാഗപ്പള്ളി നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

Finance Department ( Dev-4/256/2016-FIN 06.01.2017 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ